**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1654** **11-09-2023 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ ഒഴിവാക്കി പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേക്കളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി 18.08.2000 തീയതിയിലെ TLB SR 980/TPY നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുത്ത് ഉത്തരവായിട്ടുള്ളതാണ്. ടി ഭൂമിയിൽ നിന്ന് 63.73 ഏക്കർ ഭൂരഹിതരല്ലാത്ത കേരളം പദ്ധതിയിലേക്കും 10 ഏക്കർ സഹകരണ എഞ്ചിനീയറിംഗ് കോളേജിനും വേണ്ടി ലാന്റ് ബോർഡിൽ നിന്ന് റിസർവ്വ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ടി ഭൂമിയിൽ CRP LR 44/2013, WP(C) 12210/14 എന്നീ കേസുകൾ നിലനിൽക്കുന്നതിനാലും, അതിൽ CRP LR 44/2013 നമ്പർ കേസിൽ സ്റ്റേ ഉള്ളതിനാലും പതിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ല. മേൽ നമ്പർ കേസിൽ early posting petition ഫയൽ ചെയ്യുന്നതിനും കേസിലെ സ്റ്റേ നീക്കി എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുമായി വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് ലോ ഓഫീസർ മുഖാന്തിരം സീനിയർ ഗവൺമെന്റ് പ്ലീഡറെ നേരിൽ കണ്ട് ചർച്ച നടത്തി എത്രയും വേഗം തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ